## കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം,
## കാർഷിക വികസന കർഷകക്ഷേമ ഡയറക്ടറുടെ കാര്യാലയം,
## തിരുവനന്തപുരം
## (ഹാജർ:സുനിൽ കുമാർ.എ.എം.)

വിഷയം :- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഫെയർകോപ്പി സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രകാരമുള്ള ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) 20/01/2016 - തീയതി സ.ഉ.ജി.ഒ (പി) 7/2016/ഫിൻ.

2) 12/07/2016-ലെ പി.എ.ഒ. പത്തനംതിട്ടയുടെ ഇ(2)13762/2015 നം. കത്ത്.

### ഉത്തരവ് നം.എസ്.എ (2)15424/2017 നം. തീയതി-13/07/2017

പരാമർശം (1)ലെ പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ കേഡർ സ്ട്രെംഗ്തിന്റെ 1/3 ഹയർ ഗ്രേഡ് തസ്തികയായി നിലനിർത്താൻ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ പരാമർശം (1) ഉം, (2) ഉം പരിഗണിച്ച് നിലവിലെ ഫെയർകോപ്പി സൂപ്രണ്ടുമാരുടെ കേഡർ സ്ട്രെംഗ്ത് 11 ആയി നിർണ്ണയിച്ച് ഏറ്റവും സീനിയറായ 3 ഫെയർകോപ്പി സൂപ്രണ്ട്മാരെ ഫെയർകോപ്പി സൂപ്രണ്ട് ഹയർ ഗ്രേഡ് ആയി 35700-75600 രൂപ ശമ്പളസ്കെയിലിൽ അനുബന്ധത്തിൽ ചേർത്തിരിക്കും പ്രകാരം ഉദ്യോഗക്കയറ്റം നൽകുന്നു. ടി 3 ഫെയർകോപ്പി സൂപ്രണ്ടുമാരിൽ ഒരാൾ 30/04/2016-ന് സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ 01/05/2016- തീയതിയിൽ ഫെയർകോപ്പി സൂപ്രണ്ടുമാരുടെ കേഡർ സ്ട്രെംഗ്തിന്റെ 1/3 ഹയർ ഗ്രേഡായി നിലനിർത്തുന്നതിനായി ഏറ്റവും സീനിയറായ ഫെയർകോപ്പി സൂപ്രണ്ടുമാരിൽ ഒരാളെക്കൂടി ഹയർ ഗ്രേഡ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നല്കുന്നു. പരാമർശം (1)ലെ ഉത്തരവ് പ്രകാരം ഹയർ ഗ്രേഡിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കേണ്ട പ്രാബല്യ തീയതി 01/04/2016 ആണെങ്കിലും സാമ്പത്തിക ആനുകൂല്യം കണക്കാക്കുമ്പോൾ ടി ഉത്തരവ് തീയതി മുതൽക്ക് ഒരു വർഷം പുറകോട്ട് കണക്കാക്കേണ്ടതാണ്.

ടി ഉത്തരവ് പ്രകാരം ഫെയർകോപ്പി സൂപ്രണ്ട് (ഹയർഗ്രേഡ് )തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ചവർ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്റ്റേഷൻ/ഓഫീസിൽ തന്നെ തുടരുന്നതിനായി അവരുടെ തസ്തിക താൽക്കാലികമായി ഫെയർകോപ്പി സൂപ്രണ്ട് (ഹയർ ഗ്രേഡ്) ആക്കി ഉയർത്തിക്കൊണ്ടും ഉത്തരവാകുന്നു. ഇപ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചവർക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും കടിശ്ശിക കൈപ്പറ്റുന്നതിനുള്ള അർഹതയും ഉണ്ടായിരിക്കുന്നതാണ്. എന്നാൽ റേഷ്യോ പ്രമോഷൻ ലഭിച്ച തീയതിക്കുള്ളിൽ 27 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് (ഫെയർ കോപ്പി സൂപ്രണ്ട സ്കെയിലിൽ) വാങ്ങിയിട്ടുള്ളവർക്ക് ഫെയർ കോപ്പി സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിൽ ശമ്പള നിർണ്ണയത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല.

ഈ ഉത്തരവ് പ്രകാരം ഫെയർ കോപ്പി സൂപ്രണ്ട് ഹയർ ഗ്രേഡായി ഉദ്യോഗക്കയറ്റം

ലഭിച്ചത് സംബന്ധിച്ചുള്ള വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവന പുസ്തകത്തിൽ വ്യക്തമായി താഴെ പറയുന്ന മാതൃകയിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

കൃഷി ഡയറക്ടറുടെ എസ്.എ (2) ................................/..................തീയതി ഉത്തരവ് പ്രകാരം ശ്രീ/ഫെയർകോപ്പി സൂപ്രണ്ടിന് ..................സ്കെയിലിൽ ..................തീയതി മുതൽ ഫെയർകോപ്പി സൂപ്രണ്ട് ഹയർ ഗ്രേഡായി ജ.ഒ.(പി) ..............എന്നതിനു വിധേയമായി ഉദ്യോഗക്കയറ്റം നൽകി ഉത്തരവായി ടിയാന്റെ തസ്തിക താൽക്കാലികമായി ഫെയർ കോപ്പി സൂപ്രണ്ട് (ഹയർഗ്രേഡ്) എന്നാക്കിയിട്ടുമുണ്ട്. ( ശമ്പളം നിർണ്ണയിക്കുന്നുണ്ടെങ്കിൽ ടി വിവരവും കൂടി സേവന പുസ്തകത്തിൽ ചേർക്കേണ്ടതാണ്.

ഈ ഉത്തരവ് കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kerala agriculture. gov.in. എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തിഗത കോപ്പികൾ ഈ ഓഫീസിൽ നിന്നും അയക്കുന്നതല്ല. ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ/ഓഫീസ് മേലധികാരികൾ എന്നിവർ വെബ്സൈറ്റിൽ നിന്നും ഉത്തരവിന്റെ കോപ്പി ഡൗൺലോഡ് ചെയ്ത് എടുത്ത് ബന്ധപ്പെട്ടവർക്ക് കോപ്പി നൽകിയിരിക്കേണ്ടതും അപ്രകാരം കോപ്പികൾ ലഭിച്ചതായുള്ള കൈപ്പറ്റ് രസീത് യഥാവിധി കൃഷി ഡയറക്ടർക്ക് നൽകിയിരിക്കേണ്ടതുമാണ്.

ഒപ്പ്/-
ഡയറക്ടർ
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

ഉള്ളടക്കം :- അനുബന്ധം -1

1) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും (പി.എ.ഒ/നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :-

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും കൃഷി ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള മറ്റ് ഓഫീസ് തലവൻമാർക്കും.
2) കൃഷി ഡയറക്ടർ, എസ്.എ.ഒ., എസ്.എഫ്.ഒ, എസ്.വി.ഒ. എന്നിവരുടെ സി.എ.മാർക്ക്.
3) ഒ & എം., ആഡിറ്റ് -1, എസ്.ബി (3), എസ്.ജി - I & II എന്നീ സെക്ഷനുകൾക്ക്.
4) ഡി.ഡി.എ, ഐ.റ്റി.സെൽ (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) സംഭരണഫയൽ/അധികം.

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33

BS-Ty-15/280617

**അനുബന്ധം -1**

**ഫെയർകോപ്പി സൂപ്രണ്ടുമാരുടെ ഫെയർകോപ്പി സൂപ്രണ്ട് (ഹയർ ഗ്രേഡ് ) തസ്തികയിലേക്കുള്ള റേഷ്യോ പ്രൊമോഷൻ**

**താഴ്ന്ന സ്കെയിൽ 30700-65400, ഉയർന്ന സ്കെയിൽ 35700-75600**

**1/3 ഹയർ ഗ്രേഡ് (സ.ഉ.(പി) 07/2016/ഫിൻ തീയതി-20/01/2016)**

| ക്രമ നം | ഉദ്യോഗക്കയറ്റം നൽകപ്പെടുന്ന ഫെയർ കോപ്പി സൂപ്രണ്ടിന്റെ പേരും ഔദ്യോഗിക വിലാസവും | ജനനതീയതി | ഫെയർകോപ്പി സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്ന പ്രാബല്യ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീമതി.എം. സതി. പ്രിൻസിപ്പൽ കൃഷി ഓഫീസ്, കാസർഗോഡ് | 20/07/1963 | 01/04/2016 | |
| 2 | ശ്രീമതി.പി.പ്രസന്ന, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് , തിരുവനന്തപുരം | 29/04/1960 | 01/04/2016 | |
| 3 | ശ്രീമതി.ലൈല ജോസഫ്, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് , തിരുവനന്തപുരം | 25/04/1965 | 01/04/2016 | |
| 4 | ശ്രീ.പി.വി.ബാബു, പ്രിൻസിപ്പൽ കൃഷി ഓഫീസ്, പത്തനംതിട്ട | 18/04/1962 | 01/05/2016 | 30/04/2016-ന് ശ്രീമതി.പി.പ്രസന്ന വിരമിച്ചതിനാൽ 01/05/2016 മുതൽ ഫെയർകോപ്പി സൂപ്രണ്ട് ഹയർ ഗ്രേഡായി ഉദ്യോഗക്കയറ്റം നൽകുന്നു. |

ഒപ്പ്/-

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ

2/8/17

ADMINISTRATIVE ASSISTANT
Directorate of Agriculture
Vikas Bhavan, Thiruvananthapuram